പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ.*76

10.06.2019 -ലെ മറുപടിയ്ക്ക്

## തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിന് നടപടികൾ

ചോദ്യം

ശ്രീ.കെ.ജെ.മാക്സി
ശ്രീ.ജെയിംസ് മാത്യു
ശ്രീ.കെ.ദാസൻ
ശ്രീ.എൻ.വിജയൻ പിള്ള :

എ) കേന്ദ്രസർക്കാരിന്റെ തീവ്ര നവ ഉദാരവൽക്കരണനയവും നടപടികളും കാരണം അര നൂറ്റാണ്ടിനിടയിലെ ഏറ്റവും ഉയർന്ന തോതിൽ രാജ്യത്തെ തൊഴിലില്ലായ്മ എത്തിയിരിക്കുകയും തൊഴിലാളി വിരുദ്ധ നിയമനിർമ്മാണങ്ങളിലൂടെ അവകാശങ്ങൾ കവർന്നെടുക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിനും ക്ഷേമത്തിനുമായി സംസ്ഥാന സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

ബി) സംസ്ഥാനം നിക്ഷേപസൗഹൃദമല്ലെന്ന കുപ്രചരണം തിരുത്തുന്നതിനും ആരോഗ്യകരമായ തൊഴിൽ സംസ്കാരം വളർത്തിയെടുക്കുന്നതിനും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സ്വീകരിച്ച നടപടി അറിയിക്കാമോ;

സി) ആരോഗ്യകരമായ തൊഴിൽ ബന്ധം വളർത്തിയെടുക്കുന്നതിന് വ്യവസായ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തുന്നതിന്റെ പുരോഗതി അറിയിക്കാമോ; വ്യവസായബന്ധ സമിതികൾ കാര്യക്ഷമമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ?

ഉത്തരം

ശ്രീ. ടി.പി.രാമകൃഷ്ണൻ
(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

എ) & ബി) സംസ്ഥാനത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റാനും അതോടൊപ്പം തൊഴിലാളികൾക്ക് നിയമപരമായി അർഹതപ്പെട്ട ആനുകൂല്യങ്ങളും പരിരക്ഷയും ഉറപ്പു വരുത്താനും ഉതകുന്ന തൊഴിൽനയം അംഗീകരിക്കുകയും അതനുസരിച്ച് വിവിധ പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. കൂടാതെ സംസ്ഥാനം നിക്ഷേപ സൗഹൃദമാക്കുന്നതിന് നിലവിലുള്ള നിയമങ്ങൾ ലളിതവൽക്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സി) കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, കേരള ഫാക്ടറീസ് ആക്ട് എന്നിവയ്ക്ക് കീഴിൽ വരുന്ന തൊഴിൽ സ്ഥാപനങ്ങൾക്കും വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും ഗ്രേഡിംഗ് ഏർപ്പെടുത്തുന്നതിന് തീരുമാനിക്കുകയും, തൊഴിലുടമകൾ തൊഴിലാളികൾക്ക്

നൽകുന്ന സേവന വേതന വ്യവസ്ഥകളുടെയും മറ്റ് പ്രവർത്തന മികവിന്റെയും അടിസ്ഥാനത്തിൽ പ്രോത്സാഹനം നൽകി അംഗീകരിക്കാനും ആയതിന് സർട്ടിഫിക്കറ്റ് ഓഫ് എക്സലൻസ് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അതിൻപ്രകാരം 2017 വർഷത്തെ ഗ്രേഡിംഗ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ആകെ 941 അപേക്ഷകൾ ലഭിച്ചതിൽ നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം ഗ്രേഡിംഗിനായി 446 സ്ഥാപനങ്ങളെ പരിഗണിച്ചു. ഇതിൽ 271 സ്ഥാപനങ്ങൾ വജ്ര ഗ്രേഡിനും, 119 സ്ഥാപനങ്ങൾ സുവർണ്ണ ഗ്രേഡിനും, 56 സ്ഥാപനങ്ങൾ രജത ഗ്രേഡിനും അർഹരായി. ടി സ്ഥാപനങ്ങൾക്കുള്ള സർട്ടിഫിക്കറ്റുകൾ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

2017 വർഷത്തിന് സമാനമായി 2018 വർഷത്തിലും അസസ്സ്മെന്റ് നടത്തുന്നതിനായി മികച്ച തൊഴിൽദാതാവ്, സംതൃപ്തരായ തൊഴിലാളികൾ, മികവുറ്റ തൊഴിൽ അന്തരീക്ഷം, തൊഴിൽ നൈപുണ്യ- വികസന പങ്കാളിത്തം, സ്ത്രീ സൗഹൃദം, തൊഴിലാളികളുടെ ക്ഷേമം, തൊഴിലിടത്തിലെ സുരക്ഷ എന്നീ മാനദണ്ഡങ്ങളെ ആസ്പദമാക്കി ഗ്രേഡിംഗ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ വ്യവസായ ബന്ധസമിതികൾ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

Sreedevi.

**സെക്ഷൻ ഓഫീസർ**